ടി.കെ ഉബൈദ്

1200

സൂറ - 43

# അസ്സുഖ്റുഫ്

**സൂക്തം 60-62**

മലക്കുകൾ അല്ലാഹുവിന്റെ ആജ്ഞാനുവർത്തികളാണ്. അതുകൊണ്ടൊന്നും അവർ അല്ലാഹുവിന്റെ അംശമോ സന്തതികളോ ആകുന്നില്ല. സൃഷ്ടികൾ ഉപരി ലോകത്തായാലും അധോലോകത്തായാലും, സൃഷ്ടിക്കപ്പെട്ടത് മണ്ണുകൊണ്ടായാലും പ്രകാശം കൊണ്ടായാലും അഗ്നികൊണ്ടായാലും ഒക്കെ സൃഷ്ടികൾ തന്നെയാണ്. അവർ സ്രഷ്ടാക്കളോ ദൈവങ്ങളോ ആകുന്നില്ല.

وَلَوْ نَشَآءُ لَجَعَلْنَا مِنكُم مَّلَٰٓئِكَةً فِى ٱلْأَرْضِ يَخْلُفُونَ ﴿٦٠﴾

*60*

*നമുക്കു വേണമെങ്കിൽ നിങ്ങൾക്കു പകരം ഭൂമിയിൽ പ്രതിനിധികളായി മലക്കുകളെ നിശ്ചയിക്കാവുന്നതേയുള്ളൂ.*

| | |
|---|---|
| നമുക്കു വേണമെങ്കിൽ | وَلَوْ نَشَاءُ |
| നിങ്ങൾക്കു പകരം നിശ്ചയിക്കാവുന്നതേയുള്ളൂ | لَجَعَلْنَا مِنكُم |
| മലക്കുകളെ | مَّلَائِكَةً |
| ഭൂമിയിൽ പ്രതിനിധികളാ(യി)കുന്ന, പിൻഗാമികളാ(യി)കുന്ന | فِي الْأَرْضِ يَخْلُفُونَ |

ഈ സൂക്തം 15-ാം സൂക്തത്തിലെ وَجَعَلُوا لَهُ مِنْ عِبَادِهِ جُزْءًا എന്ന വാക്യവുമായി ബന്ധപ്പെട്ടതാകാം. 58-ാം സൂക്തം ഉദ്ധരിച്ച أَآلِهَتُنَا خَيْرٌ أَمْ هُوَ എന്ന ഖുറൈശികളുടെ ചോദ്യത്തിനുള്ള ഒരു വിശദീകരണവുമാകാം. 15-ാം സൂക്തത്തിൽ مِنْ عِبَادِهِ جُزْءًا എന്നും

58-ാം സൂക്തം ءَآلِهَتُنَا എന്നും പറഞ്ഞത് മലക്കുകളെക്കുറിച്ചാണല്ലോ. മലക്കുകൾ അല്ലാഹുവിന്റെ ആജ്ഞാനുവർത്തികളാണ്. അതുകൊണ്ടൊന്നും അവർ അല്ലാഹുവിന്റെ അംശമോ സന്തതികളോ ആകുന്നില്ല. സൃഷ്ടികൾ ഉപരിലോകത്തായാലും അധോലോകത്തായാലും, സൃഷ്ടിക്കപ്പെട്ടത് മണ്ണുകൊണ്ടായാലും പ്രകാശം കൊണ്ടായാലും അഗ്നികൊണ്ടായാലും ഒക്കെ സൃഷ്ടികൾ തന്നെയാണ്. അവർ സ്രഷ്ടാക്കളോ ദൈവങ്ങളോ ആകുന്നില്ല. മനുഷ്യർ ഭൂമിയിൽ വസിക്കുന്ന മനുഷ്യരായത് അല്ലാഹു അവരെ ഭൂമിയിൽ വസിക്കേണ്ട മനുഷ്യരായി സൃഷ്ടിച്ചതുകൊണ്ടാണ്. അല്ലാഹുവിനു വേണമെങ്കിൽ ഭൂമിയിൽ മനുഷ്യർക്കു പകരം മലക്കുകളെ പ്രതിനിധികളാക്കി സൃഷ്ടിക്കാമായിരുന്നു. പക്ഷേ, അവൻ ഭൂമിയിൽ സൃഷ്ടിക്കാനുദ്ദേശിച്ചത് അവന്റെ ആജ്ഞാനുവർത്തികൾ മാത്രമായ മലക്കുകളെയല്ല. ഭൂമിയെ സംസ്കരിക്കാനും വികസിപ്പിക്കാനും പര്യാപ്തമായ, സർഗാത്മകതയും മാനസിക-ശാരീരിക യോഗ്യതകളും സ്വാതന്ത്ര്യവും ഉള്ള മനുഷ്യരെയാണ്. യോഗ്യതകളിലും കഴിവുകളിലും വ്യത്യാസമുണ്ടെങ്കിലും അല്ലാഹുവിന്റെ അടിമകൾ എന്ന അവസ്ഥയിൽ എല്ലാവരും തുല്യരാകുന്നു.

**മനുഷ്യർ ഭൂമിയിൽ വസിക്കുന്ന മനുഷ്യരായത് അല്ലാഹു അവരെ ഭൂമിയിൽ വസിക്കേണ്ട മനുഷ്യരായി സൃഷ്ടിച്ചതുകൊണ്ടാണ്.**

ഈ സൂക്തത്തിൽ مِنكُم സാധാരണ ഗതിയിൽ 'നിങ്ങളിൽനിന്ന്' ആണ്. ഇവിടെ مِن ഉപയോഗിച്ചിട്ടുള്ളത് بدل (പകരം)-ന്റെ അർഥത്തിലാണെന്ന് ചില ഭാഷാഭിജ്ഞർ പറയുന്നു. അത്തരം പ്രയോഗം അപൂർവമല്ലെന്നും 9:38-ലെ أَرَضِيتُم بِالْحَيَاةِ الدُّنْيَا مِنَ الْآخِرَةِ (നിങ്ങൾ പരലോക ജീവിതത്തിനു പകരം ഭൗതിക ജീവിതം തൃപ്തിപ്പെട്ടുവോ?) എന്ന വാക്യം അതിനു ഉദാഹരണമാണെന്നും അവർ ചൂണ്ടിക്കാണിക്കുന്നുണ്ട്. ചിലർ 'നിങ്ങളിൽനിന്ന്' എന്നുതന്നെയാണ് അർഥം കൽപിച്ചിട്ടുള്ളത്. പിന്നാമ്പുറം എന്നും പിൻഗാമി എന്നും അർഥമുള്ള **خلف**-ൽനിന്നുള്ള ക്രിയയാണ് **يخلف**. ഇതേ **خلف**-ൽ നിന്നുള്ള **خلافة**-ന് പ്രാതിനിധ്യവും **خليفة** പ്രതിനിധിയുമാണ്. يَخْلُفُونَ -ന് പിൻഗാമികളാകുന്നു എന്നും പ്രതിനിധികളാകുന്നു എന്നും അർഥമാവാം. مِنكُم-ന് നിങ്ങൾക്കു പകരം എന്നും يَخْلُفُونَ പ്രതിനിധികളാകുന്നു എന്നും അർഥം കൽപിച്ചുകൊണ്ടുള്ളതാണ് മുകളിൽ കൊടുത്ത വിശദീകരണം. ചില പണ്ഡിതന്മാർ لَوْ نَشَاءُ....... يَخْلُفُونَ എന്ന വാക്യത്തെ 'നമുക്കു വേണമെങ്കിൽ ഭൂമിയിൽ നിങ്ങളുടെ പിഗാമികളായിത്തീരുന്ന മലക്കുകളെ നിങ്ങളിൽനിന്നു സൃഷ്ടിക്കാം' എന്നും തർജമ ചെയ്തിട്ടുണ്ട്. അതു പ്രകാരം വിശദീകരിക്കുകയും ചെയ്തിരിക്കുന്നു. അതായത്, അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ മനുഷ്യരെയെല്ലാം നശിപ്പിച്ചുകളയാനും മനുഷ്യർക്കു പകരം ഭൂമിയിൽ നിങ്ങളുടെ പിൻഗാമികളായി മലക്കുകളെ വസിപ്പിക്കാനും കഴിയും. ആദ്യം പറഞ്ഞ വിശദീകരണമാണ് കൂടുതൽ യുക്തമായത്. ●

---

وَإِنَّهُۥ لَعِلْمٌ لِّلسَّاعَةِ فَلَا تَمْتَرُنَّ بِهَا وَٱتَّبِعُونِ ۚ هَٰذَا صِرَٰطٌ مُّسْتَقِيمٌ ﴿٦١﴾
وَلَا يَصُدَّنَّكُمُ ٱلشَّيْطَٰنُ ۖ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿٦٢﴾

*61*
*ഇതു തീർച്ചയായും ഉയിർത്തെഴുന്നേൽപു നാളിനെക്കുറിച്ചറിയിക്കുന്ന മാധ്യമവുമാകുന്നു.*
*ആകയാൽ അതിൽ ഒട്ടും സന്ദേഹിച്ചു കൂടാ. എന്നെ പിന്തുടരുവിൻ. ഇതാണ് ഋജുവായ പാത.*
*62*
*ചെകുത്താൻ നിങ്ങളെ ആ പാതയിൽനിന്നു തടയാതിരിക്കട്ടെ.*
*അവൻ നിങ്ങളുടെ തെളിഞ്ഞ ശത്രുവാണല്ലോ.*

| | |
|---|---|
| ഇതു തീർച്ചയായും ആ സമയത്തിന്റെ അറിവു തന്നെ (ഉയിർത്തെഴുന്നേൽപിനെക്കുറിച്ചറിയിക്കുന്ന മാധ്യമവും) ആകുന്നു | وَإِنَّهُ لَعِلْمٌ لِّلسَّاعَةِ |
| ആകയാൽ നിങ്ങൾ അതിൽ ഒട്ടും സന്ദേഹിച്ചു കൂടാ | فَلَا تَمْتَرُنَّ بِهَا |
| നിങ്ങൾ എന്നെ പിന്തുടരുവിൻ | وَاتَّبِعُونِ |
| ഇതാണ് ഋജുവായ പാത | هَٰذَا صِرَاطٌ مُّسْتَقِيمٌ |
| ചെകുത്താൻ നിങ്ങളെ (ആ പാതയിൽനിന്ന്) തടയാതിരിക്കട്ടെ | وَلَا يَصُدَّنَّكُمُ الشَّيْطَانُ |
| തീർച്ചയായും അവൻ നിങ്ങൾക്ക് | إِنَّهُ لَكُمْ |
| തെളിഞ്ഞ ശത്രുവാണല്ലോ | عَدُوٌّ مُّبِينٌ |

പൂർവസൂരികൾ മാത്രമല്ല ആധുനിക പണ്ഡിതന്മാരും ഈ സൂക്തങ്ങൾക്ക് വൈവിധ്യമാർന്ന വ്യാഖ്യാനങ്ങളാണ് നൽകിയിട്ടുള്ളത്. وَإِنَّهُ (അത്) എന്ന വാക്ക് എന്തിനെ കുറിക്കുന്നു എന്നതിലാണ് പ്രധാന ഭിന്നത. 'അത്' ഈസാ(അ)യാണെന്നും ഈസാ(അ) പ്രത്യക്ഷപ്പെടുത്തിയ ദിവ്യാത്ഭുതങ്ങളാണെന്നും ഖുർആനാണെന്നും അഭിപ്രായങ്ങളുണ്ട്. ഈ ഒടുവിൽ പറഞ്ഞതാണ് മുൻഗണനാർഹം. انه വിലെ هُ ഗൗരവ സൂചകം (ضمير الشأن) ആണെന്ന് അഭിപ്രായപ്പെട്ടവരുമുണ്ട്. علم ഭാഷയിൽ അറിവാണ്. അറിയിക്കുന്നതിനും അടയാളത്തിനും ഉപയോഗിക്കാം. അറിയിക്കുന്നതിന് (مُعْلِم) ഉപയോഗിക്കുമ്പോൾ അസന്ദിഗ്ധമായി അറിയിക്കുന്നത് എന്ന് അർഥമാകും. وَاتَّبِعُونِ എന്നാൽ എന്നെ പിന്തുടരുവിൻ എന്നാണ്. 'എന്നെ' എന്നതിന്റെ വക്താവ് ആരാണ് എന്നതിലും ഭിന്നാഭിപ്രായമുണ്ട്. ചിലർ പറയുന്ന വക്താവ് ലോകാവസാന കാലത്ത് പുനരാഗമിക്കുന്ന ഈസാ(അ) ആണെന്നാണ്. അല്ലാഹുവാണ് വക്താവെന്ന് വേറൊരു വിഭാഗം. അല്ലാഹു എന്നെ പിന്തുടരുവിൻ എന്നു പറയുന്നത് ഞാൻ വിധിച്ച സന്മാർഗം പിന്തുടരുവിൻ എന്ന അർഥത്തിലാണ്. فَمَنِ اتَّبَعَ هُدَايَ فَلَا يَضِلُّ وَلَا يَشْقَىٰ (എന്റെ മാർഗദർശനം പിന്തുടർന്നവൻ പിഴച്ചുപോവുകയോ ദുർഭഗനാവുകയോ ഇല്ല) എന്ന് 20:123-ൽ പറയുന്നുണ്ടല്ലോ. ഇവിടെ 'എന്നെ' എന്നു പറയുന്നത് മുഹമ്മദ് നബിയാണെന്നും അതിനു മുമ്പ് 'قُلْ'- നീ പറയുക- എന്നൊരു വാക്ക് അനുക്തമായിട്ടുണ്ടെന്നുമാണ് മറ്റൊരഭിപ്രായം. ഖുർആനിൽ ഇതിനു വേറെയും ഉദാഹരണങ്ങൾ കാണാം.

انه സൂചിപ്പിക്കുന്നത് ഈസാ(അ)യെ ആണെന്ന് കരുതുന്നവരുടെ വ്യാഖ്യാനം ഇങ്ങനെ: ലോകാവസാനം അടുത്താൽ ഈസാ(അ) പുനരാഗമിക്കുമെന്ന് പ്രവാചകൻ പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ഈസാ നബിയുടെ ആ പുനരാഗമനം ലോകാവസാനത്തിന്റെ അനിഷേധ്യമായ അടയാളവും അറിയിപ്പുമാകുന്നു. ആകയാൽ അദ്ദേഹം വന്നുകഴിഞ്ഞാൽ ലോകാവസാനം ഉടനെ സംഭവിക്കുമെന്നതിൽ ഒരു സംശയവും വേണ്ട. ഈസാ(അ) ആളുകളിൽ സന്മാർഗം പ്രബോധനം ചെയ്യുകയും തന്നെ പിന്തുടരാൻ ഉപദേശിക്കുകയും ചെയ്യും. ഇവിടെ സൂചിപ്പിച്ച ചെകുത്താൻ ഈസാ(അ)യുടെ കാലത്ത് പ്രത്യക്ഷപ്പെടുന്ന ദജ്ജാൽ ആകുന്നു. അവൻ നിങ്ങളുടെ തുറന്ന ശത്രുവാണെന്നും അവൻ നിങ്ങളെ സന്മാർഗത്തിൽ നിന്നു തടയാതിരിക്കാൻ ജാഗ്രതയുള്ളവരായിരിക്കണമെന്നും ഉദ്ബോധിപ്പിക്കും. ഈ വ്യാഖ്യാനത്തിന് അവഗണിക്കാനാവാത്ത ദൗർബല്യങ്ങളുണ്ട്. ഈസാ നബിയുടെ പുനരാഗമനം പ്രവചിക്കുന്ന ഹദീസുകളുണ്ടെങ്കിലും ഖുർആൻ ഈ സൂറയിൽ എന്നല്ല ഒരി

**ഈസാ നബിയുടെ പുനരാഗമനം ലോകാവസാനത്തിന്റെ അനിഷേധ്യമായ അടയാളവും അറിയിപ്പുമാകുന്നു.**

ടത്തും അക്കാര്യം പരാമർശിക്കുന്നില്ല. സൂറയിലോ ഖുർആനിൽ തന്നെയോ ഒരിക്കലും പരാമർശിച്ചിട്ടില്ലാത്ത ഗുരുതരമായ ഒരു വിഷയത്തെ കേവലം ഒരു സർവനാമം (**ضمير**) കൊണ്ട് പ്രസ്താവിക്കുക വിദൂരമാകുന്നു. ഖുർആനിലെ **ضمير** ഹദീസിലേക്കു മടങ്ങുന്നതും അപ്രകാരം തന്നെ.

**انه** ഈസാ(അ) പ്രത്യക്ഷപ്പെടുത്തിയ ദിവ്യാത്ഭുതങ്ങളാണെന്നു കരുതുന്നവർ പറയുന്നത്: ഈസാ(അ) പ്രകടിപ്പിച്ച പിതൃരഹിതമായ ജനനം, ജന്തുക്കളുടെ പ്രതിമകളുണ്ടാക്കി ജീവികളാക്കി ചലിപ്പിക്കൽ, മാറാരോഗങ്ങൾ സുഖപ്പെടുത്തൽ തുടങ്ങിയ ദിവ്യാത്ഭുതങ്ങൾ, അതിനെല്ലാം അദ്ദേഹത്തിന് ശക്തിയേകിയ അല്ലാഹുവിന് ഈ ലോകം അവസാനിപ്പിക്കാനും മരിച്ചവരെ ഉയിർത്തെഴുന്നേൽപിക്കാനും കഴിയും എന്നതിന്റെ ദൃഷ്ടാന്തങ്ങളാണ്. ആദ്യത്തെ വ്യാഖ്യാനം പോലെ ഇതും ബാലിശമാണ്. ഈസാ(അ)യുടെ ദിവ്യാത്ഭുതങ്ങൾ മാത്രമല്ല എല്ലാ പ്രവാചകന്മാരും പ്രത്യക്ഷപ്പെടുത്തിയ എല്ലാ ദിവ്യാത്ഭുതങ്ങളും അല്ലാഹുവിന്റെ അസ്തിത്വത്തിന്റെയും ഏകത്വത്തിന്റെയും സർവശക്തിയുടെയും ദൃഷ്ടാന്തങ്ങളാണ്. ഈസാ നബി പ്രത്യക്ഷപ്പെടുത്തിയ അത്ഭുതങ്ങളിൽ ഉയിർത്തെഴുന്നേൽപിനെ പ്രത്യേകം സാക്ഷ്യപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങൾ ഇല്ല. വാദത്തിനുവേണ്ടി ഉണ്ടെന്നു സമ്മതിച്ചാൽ തന്നെ അവ ദൃഷ്ടാന്തങ്ങളാകുന്നത് അതിനു സാക്ഷ്യം വഹിച്ച സമൂഹത്തിനാണ്. ഇന്നുള്ളവർക്ക് അതൊരു കഥ മാത്രമാകുന്നു. ഇതേ ദൗർബല്യം ഈസാ(അ)യുടെ പുനരാഗമനത്തിനുമുണ്ട്. അതൊരു നിഷേധ്യ ദൃഷ്ടാന്തമാവുക അദ്ദേഹത്തിന്റെ പുനരാഗമനത്തിനു സാക്ഷികളാകുന്ന തലമുറക്കാണ്. അവരുടെ പൂർവികർക്ക് അതൊരു പ്രവചനം മാത്രമാകുന്നു. ഈ സൂക്തങ്ങൾ സംബോധന ചെയ്യുന്നത് ഈസായുടെ ആദ്യ ആഗമനത്തിൽ ജീവിച്ചവരെയോ പുനരാഗമന കാലത്ത് ജനിക്കാനിരിക്കുന്നവരെയോ അല്ല. മുഹമ്മദ് നബിയുടെ മുന്നിലുണ്ടായിരുന്ന സമൂഹത്തെയാണ്.

**انه** ഗൗരവ സൂചകമാണെന്ന് കരുതുന്നവരുടെ വ്യാഖ്യാനം: ലോകാവസാനവും ഉയിർത്തെഴുന്നേൽപും അനിവാര്യമായും സംഭവിക്കുമെന്ന് അറിഞ്ഞിരിക്കുക എന്നത് ഗൗരവമേറിയ മുഖ്യ വിഷയമാകുന്നു. അതിന്റെ ആഗമനത്തിൽ ഒട്ടും സംശയമുണ്ടായിക്കൂടാ. ഇങ്ങനെയും സൂക്തത്തെ വായിക്കാവുന്നതാണ്. എങ്കിലും അപ്പോൾ അതിന്റെ മുമ്പുള്ള വചനങ്ങളുമായി ബന്ധമില്ലാത്ത പ്രസ്താവനയാകും അത്. ഈ സന്ദർഭത്തിൽ അങ്ങനെയൊരു പ്രസ്താവനക്ക് സാംഗത്യം കാണുന്നുമില്ല.

**و انه** കുറിക്കുന്നത് ഖുർആനിനെയാണെന്ന് അഭിപ്രായപ്പെടുന്നവരുടെ വ്യാഖ്യാനം: **وَإِنَّهُ** എന്ന വചനത്തെ **واو** കൊണ്ട് ബന്ധിപ്പിക്കുന്നത് കഴിഞ്ഞ 44-ാം സൂക്തത്തിലെ **وَإِنَّهُ لَذِكْرٌ لَّكَ وَلِقَوْمِكَ**- (ഈ ഖുർആൻ നിനക്കും നിന്റെ സമുദായത്തിനുമുള്ള ഉദ്ബോധനമാകുന്നു) എന്ന വാക്യത്തോടാണ്. വചനസാരം: പ്രവാചകനെയും അദ്ദേഹത്തിന്റെ സമുദായത്തെയും ആത്മീയ തത്ത്വങ്ങളും ജീവിത ധർമങ്ങളും ഉദ്ബോധിപ്പിക്കുന്ന ഈ ഖുർആൻ ലോകാവസാനത്തിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും ആഗമനം സുവ്യക്തമായി അറിയിച്ചുതരുന്ന മാധ്യമവുമാകുന്നു. അതിന്റെ സംഭവ്യതയിൽ നിങ്ങൾ ഒട്ടും സംശയിച്ചു കൂടാ. ഉയിർത്തെഴുന്നേൽപിനെയും അന്ത്യവിചാരണയെയും വിജയകരമായി നേരിടുന്നതിന് പ്രവാചകൻ അവതരിപ്പിക്കുന്ന കർമധർമങ്ങളും ജീവിത നിയമങ്ങളും അനുസരിക്കാൻ അവരോടാവശ്യപ്പെടണം. അതാണ് പരലോക ഭവനത്തിലേക്കുള്ള ഋജുവായ പാത. ദീനുൽ ഇസ്‌ലാമാണ് ഉദ്ദേശ്യം. പ്രവാചകനിലൂടെ സുപ്രധാനമായ ചില ഇസ്‌ലാമിക ധർമങ്ങൾ ഉപദേശിച്ച ശേഷം 6:153-ൽ അദ്ദേഹത്തോട് ഇങ്ങനെ പറയാൻ കൽപിക്കുന്നുണ്ട്: **وَأَنَّ هَٰذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ** (ഇതാണ് എന്റെ ഋജുവായ പാത. അതു പിന്തുടരുവിൻ) ചെകുത്താൻ ഈ പാതയിൽനിന്ന് നിങ്ങളെ തടയാതിരിക്കാൻ ജാഗ്രത കൈക്കൊള്ളണം. അവൻ മനുഷ്യന്റെ ബദ്ധ ശത്രുവാണെന്ന് പലവട്ടം ഉണർത്തിയിട്ടുണ്ടല്ലോ. നിങ്ങളെ പിഴപ്പിക്കാനും തോൽപിക്കാനും ലഭിക്കുന്ന ഒരവസരവും പാഴാക്കാതിരിക്കാൻ പ്രതിജ്ഞാബദ്ധനാണവൻ. ●

**എല്ലാ പ്രവാചകന്മാരും പ്രത്യക്ഷപ്പെടുത്തിയ എല്ലാ ദിവ്യാത്ഭുതങ്ങളും അല്ലാഹുവിന്റെ അസ്തിത്വത്തിന്റെയും ഏകത്വത്തിന്റെയും സർവശക്തിയുടെയും ദൃഷ്ടാന്തങ്ങളാണ്.**